**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 705** **09.08.2017-ൽ മറുപടിയ്ക്ക്**

**പ്രീ മെട്രിക് ഹോസ്റ്റൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. എ. കെ. ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ പെൺകുട്ടികൾക്കായുള്ള ബേഡഡുക്ക പ്രീ മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ) | ബേഡഡുക്ക പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായി കാസറഗോഡ് ജില്ലയിൽ ബേഡഡുക്ക വില്ലേജിൽ 216/2B 2C സർവ്വെ നമ്പരിലുള്ള 1 ഏക്കർ സ്ഥലം ലഭ്യമായിട്ടുണ്ട്. |
| ബി) | ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ടോ; (സ.ഉ. (സാധാ) നം.1581/16/SC/ST) വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | ഉണ്ട്. കിഫ്ബി മുഖേന ധനസമാഹരണം നടത്തി 5 കോടി രൂപ ചെലവിൽ ടി ഹോസ്റ്റൽ നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) | എങ്കിൽ ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെയായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ: | സി) | കിഫ്ബിയുടെ 28-ാമത് ബോർഡ് മീറ്റിംഗിൽ ടി പദ്ധതിയുടെ ഡി.പി.ആർ-ന് ഉപാധികളോടെ അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത സ്ഥാപനം തുടങ്ങുന്നതിന് താൽക്കാലിക കെട്ടിടം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | ഡി) | നിലവിൽ ഇല്ല. |

സെക്ഷൻ ഓഫീസർ